കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 890 — 11.06.2014 ന് മറുപടിയ്ക്ക്

എസ്.സി.എസ്.ടി. വകുപ്പിൻ കീഴിലുള്ള ഐ.ടി.ഐ.-കൾ തൊഴിൽ വകുപ്പിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.കെ. ബാലൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) എസ്.സി. എസ്.ടി. വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള ഐ.ടി.ഐ. കൾ തൊഴിൽ വകുപ്പിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏതു വരെയായെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) കൈമാറ്റത്തിനുള്ള വ്യവസ്ഥകൾ വിശദമാക്കുമോ ; | (എ) യും (ബി) യും 11.11.2013-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.139/2013/തൊഴിൽ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള രണ്ട് ഐ.ടി.ഐ. കൾ (തിരുവനന്തപുരം ജില്ലയിലെ ഐ.ടി.ഐ. കട്ടമല, ഇടുക്കി ജില്ലയിലെ ഐ.ടി.ഐ. നാട്ടുകാണി) വ്യാവസായിക പരിശീലന വകുപ്പ് ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (എം.എസ്) നം 64/2014/തൊഴിൽ തീയതി 7.6.2014 പ്രകാരം, മേൽപ്പറഞ്ഞ ഐ.ടി.ഐ. കളുടെ സ്ഥാവരജംഗമ വസ്തുക്കൾ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ തന്നെ നിലനിർത്തിക്കൊണ്ട് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ തന്നെ ഫണ്ട് ഉപയോഗിച്ച് ഭരണ/പരിശീലന പ്രവർത്തനങ്ങൾ വ്യാവസായിക പരിശീലന വകുപ്പ് ഏറ്റെടുത്ത് നടത്തുന്നതാണ്. എന്നാൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ. കൾ വ്യാവസായിക പരിശീലന വകുപ്പ് ഏറ്റെടുത്തിട്ടില്ല. |
| (സി) എസ്.സി. എസ്.ടി. വകുപ്പുകളിൽ നിന്നും മാറി പൊതു ഐ.ടി.ഐ. കളായി മാറുമ്പോൾ എസ്.സി. എസ്.ടി. വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന പ്രവേശനത്തിലെ മുൻഗണന തുടർന്നും ലഭിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (സി) വ്യാവസായിക പരിശീലന വകുപ്പിന് കൈമാറി നൽകിയ പട്ടിക വർഗ്ഗ വികസന വകുപ്പിൻ കീഴിലെ 2 ഐ.ടി.ഐ. കളിൽ നിലവിൽ 80% സീറ്റുകൾ പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും 10% സീറ്റുകൾ പട്ടിക ജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും ബാക്കിയുള്ള 10% സീറ്റുകൾ മറ്റ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്കുമായി മാറ്റി വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ